(ബി) എത്രമാസത്തെ വീതമാണ് ഈ തുക എന്ന് വ്യക്തമാക്കുമോ ;

(സി) രണ്ടായിരാമാണ്ട് നവംബർ 30 വരെ ഓരോ തൊഴിലാളി ക്ഷേമനിധിയിൽ നിന്നും തൊഴിലാളികൾക്ക് നൽകാനുണ്ടായിരുന്ന പെൻഷനും മറ്റ് ആനുകൂല്യങ്ങളും എത്ര വീതമായിരുന്നു ?

ഉത്തരം

(എ,ബി&സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

തൊഴിലാളി ക്ഷേമനിധികൾ

62(269) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര തൊഴിലാളി ക്ഷേമനിധികൾ നിലവിൽ ഉണ്ട് ; അവ ഏതെല്ലാം ;

(ബി) ഇതിൽ ഏതെല്ലാം ക്ഷേമനിധിയിലേയ്ക്ക് ഗവൺമെന്റ് കോൺട്രിബ്യൂഷൻ നൽകേണ്ടതുണ്ട് ;

(സി) ഓരോ ക്ഷേമനിധിക്കും എന്തു തുകവീതമാണ് കോൺട്രിബ്യൂഷൻ നൽകേണ്ടത് ;

(ഡി) ഇതിന് കുടിശ്ശിക വരുത്തിയിട്ടുണ്ടോ ; എങ്കിൽ എന്തു തുക വീതം ; വിശദ വിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന്റെ കീഴിൽ താഴെ പറയുന്ന 14 ക്ഷേമനിധികൾ നിലവിലുണ്ട്.

1. കേരള തൊഴിലാളി ക്ഷേമനിധി.
2. കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി.
3. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി.
4. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി.
5. കേരള കർഷകത്തൊഴിലാളി ക്ഷേമനിധി.
6. കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി.
7. കേരള കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമനിധി.

---

†അനുബന്ധം XVI

LIBRARY ARCHIVES Kerala Legislative Assembly

8. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി.

9. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി.

10. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട്.

11. കേരള ബീഡി - സിഗാർ തൊഴിലാളി ക്ഷേമനിധി.

12. കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി.

13. കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി.

14. കേരള ഈറ്റ-കാട്ടുവള്ളി-തഴ തൊഴിലാളി ക്ഷേമനിധി.

(ബി) കള്ളു വ്യവസായം, കൈത്തറി, കശുവണ്ടി, തയ്യൽ, ബീഡി-സിഗാർ, കൈത്തൊഴിലാളി-വിദഗ്ദ്ധതൊഴിലാളി, ഓട്ടോറിക്ഷാ, ഈറ്റ-കാട്ടുവള്ളി-തഴ എന്നീ തൊഴിലാളി ക്ഷേമനിധികളിലേക്ക് ഗവൺമെന്റ് കോൺട്രിബ്യൂഷൻ നൽകേണ്ടതുണ്ട്.

(സി&ഡി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

കർഷക തൊഴിലാളി പെൻഷൻ

63(270) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കർഷക തൊഴിലാളി പെൻഷൻ ഇപ്പോൾ നൽകുന്നുണ്ടോ ;

(ബി) 2000-ാംമാണ്ട് നവംബർ 30 വരെ എത്ര തുക കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ തുക എന്നത്തേയ്ക്ക് കൊടുത്തുതീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 40,64,97,000 രൂപ.

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കൊടുക്കുന്നതാണ്.

---

†അനുബന്ധം XVII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - XVII

[19-12-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 62 (269) -ന്റെ 'സി' & 'ഡി' ഉത്തരം ദയവായി കാണുക]

തൊഴിൽവകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധികളിലേയ്ക്ക് സർക്കാർ നൽകേണ്ട കോൺട്രിബ്യൂഷൻ

നമ്പർ	ക്ഷേമനിധി	തുക	കുടിശ്ശിക (രൂപ)
(1)	കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി .	തൊഴിലാളി വിഹിതത്തിന്റെ 10%	156.38 ലക്ഷം
(2)	കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി.	തൊഴിലാളികളുടെയും സ്വയം തൊഴിലുകാരുടെയും വിഹിതത്തിന്റെ ഇരട്ടി	ഇല്ല
(3)	കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി .	തൊഴിലാളി വിഹിതത്തിന്റെ ഇരട്ടി	4,79,02,433
(4)	കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി	തൊഴിലാളി വിഹിതത്തിന്റെ 10%	51.73 ലക്ഷം
(5)	കേരള ബീഡി - സിഗാർ തൊഴിലാളി ക്ഷേമനിധി.	തൊഴിലാളി വിഹിതത്തിന് തുല്യമായ തുക	ഇല്ല
(6)	കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി.	അംഗങ്ങൾ അടയ്ക്കുന്ന ഓരോ 10 രൂപയ്ക്കും 2 രൂപ നിരക്കിൽ	22.81 ലക്ഷം
(7)	കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി.	തൊഴിലാളി വിഹിതത്തിന്റെ 10%	ഇല്ല
(8)	കേരള ഈറ്റ-കാട്ടുവള്ളി-തഴ തൊഴിലാളി ക്ഷേമനിധി.	തൊഴിലാളികളും സ്വയം തൊഴിൽ ചെയ്യുന്നവരും ഒരു വർഷം നൽകുന്ന അംശദായത്തിന്റെ തുല്യമായ തുക	ഇല്ല

(1990-ൽ നിലവിൽ വന്ന കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന് 1-11-1998 വരെ സർക്കാർ വിഹിതമായി 25,43,701 രൂപ കുടിശ്ശികയുണ്ട്. എന്നാൽ 1-11-1998-ൽ കേന്ദ്ര നിയമം നടപ്പിലാക്കിയതിന് ശേഷം പ്രസ്തുത ബോർഡ് കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് എന്ന പേരിൽ പ്രവർത്തിക്കുന്നു. കേന്ദ്ര നിയമമനുസരിച്ച് ഗവൺമെന്റ് കോൺട്രിബ്യൂഷന് വ്യവസ്ഥയില്ല).

LIBRARY ARCHIVES Kerala Legislative Assembly